(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനു വേണ്ടി ലഭിക്കുന്നത്?

<u>ഉത്തരം</u>

(എ) ആർ.എസ്.എം.എസ്.-ൽ നിന്ന് ഇ-വെരിഫിക്കേഷൻ സേവനങ്ങൾ നൽകി വരുന്നുണ്ട്.

(ബി) മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും റേഷൻ കാർഡ് സംബന്ധിച്ച വെരിഫിക്കേഷൻ ആവശ്യമായി വരുമ്പോൾ ഇ-വെരിഫിക്കേഷൻ മുഖേന റേഷൻ കാർഡിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച നിജസ്ഥിതി മനസ്സിലാക്കാൻ സാധിക്കും. ആർ.സി.എം.എസ്. ഡാറ്റാ ബേസിലുള്ള നിശ്ചിത ഫീൽഡുകൾ മറ്റു വകുപ്പുകൾക്ക് പങ്കു വച്ചാണ് ഇ-വെരിഫിക്കേഷൻ നടത്തി വരുന്നത്.

(സി) ഉപഭോക്താക്കൾ മറ്റു വകുപ്പുകളിൽ ഹാജരാക്കുന്ന റേഷൻ കാർഡ് വിവരങ്ങൾ ആതന്റിക്കേറ്റ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ഇതുമൂലം സാധിക്കും.

(ഡി) ഇ-ഡിസ്ട്രിക്ട് പോലുള്ള പദ്ധതികളിൽ റേഷൻകാർഡ് ആതന്റിക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നത് എൻ.ഐ.സി. യാണ്.

(ഇ) നിലവിൽ കേന്ദ്രസഹായം ലഭിക്കുന്നില്ല.

ബി.പി.എൽ.ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ നിർദ്ദേശം

183(4814) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.പി.എൽ. ഉൾപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നും പരമാവധി പേരെ ഒഴിവാക്കണമെന്ന നിർദ്ദേശം നല്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനുവരി ഒന്നു മുതൽ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഫാറത്തിൽ കഴിയുന്നതും കൂടുതൽ പേരെ ഒഴിവാക്കുന്നതിന് വേണ്ടിയുള്ള ചോദ്യാവലിയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ (ചോദ്യാവലി) ലളിതമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) റേഷൻ കാർഡ് പുതുക്കുന്നതിനോടൊപ്പം ഭക്ഷ്യസുരക്ഷാ നിയമം നടപ്പിൽ വരുത്തുതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനായുള്ള വിവരശേഖരണം കൂടി നടത്തുന്നുണ്ട്. ഇതിനായുള്ള ചോദ്യാവലികൾ 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ 14-1-2011-ലെ സ.ഉ.(കൈ) നമ്പർ 16/11/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 112/12/ ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്.

പാചക വാതക ഗുണഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

184(4815) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് ഏജൻസി ഓഫീസ് നടപടിക്രമത്തിലെ കാലതാമസം മൂലം പാചക വാതക വിതരണം ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നത്; നിലവിലുള്ള സംവിധാനം ഫലപ്രദമാണോ;

(സി) ജനപ്രതിനിധികളെയും പാചക വാതക വിതരണക്കാരെയും ഗുണഭോക്താക്കളെയും മറ്റ് ബന്ധപ്പെട്ടവരെയും ഉൾപ്പെടുത്തി പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly